# ജല ജീവൻ മിഷൻ - നടുവണ്ണൂർ- കോട്ടൂർ പഞ്ചായത്തുകളിലെ ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് എക്സിക്യൂട്ടീവ് എൻജിനീയർ , കേരള ജല അതോറിറ്റി , പ്രൊജക്റ്റ് ഡിവിഷൻ കോഴിക്കോട് ന്റെ അധ്യക്ഷതയിൽ 20 /7 /2022 നു ചേർന്ന യോഗത്തിന്റെ മിനുറ്റ്സ്.

ജല ജീവൻ മിഷൻ - നടുവണ്ണൂർ- കോട്ടൂർ പഞ്ചായത്തുകളിലെ പ്രവൃത്തി പുരോഗമന യോഗം രാവിലെ 11 മണിക്ക് പ്രൊജക്റ്റ് ഡിവിഷൻ ഓഫീസിൽ വച്ച് എക്സിക്യൂട്ടീവ് എൻജിനീയറുടെ നേതൃത്വത്തിൽ ആരംഭിച്ചു.

പങ്കെടുത്തവർ :

1. എക്സിക്യൂട്ടീവ് എൻജിനീയർ , കേരള ജല അതോറിറ്റി , പ്രൊജക്റ്റ് ഡിവിഷൻ കോഴിക്കോട്
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3. അസിസ്റ്റന്റ് എഞ്ചിനീയർ
4. ശ്രീപ്രിയ - ഓവർസിയർ ഗ്രേഡ് 3.
5. നേതി - ഓവർസിയർ ഗ്രേഡ് 3.
6. കോൺട്രാക്ടർ -

യോഗത്തിൽ ജല ജീവൻ മിഷൻ - നടുവണ്ണൂർ- കോട്ടൂർ പഞ്ചായത്തിലെ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ , കോൺട്രാക്ടർ ചുമതലപ്പെടുത്തിയ സൈറ്റ് സൂപ്പർവൈസർമാർ എന്നിവർ പങ്കെടുത്തു . പ്രവൃത്തിയുടെ നിലവിലെ പുരോഗതി, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി, പ്രവൃത്തി പൂർത്തീകരിക്കുന്നതിലുള്ള തടസ്സങ്ങൾ എന്നീ കാര്യങ്ങൾ ചർച്ച ചെയ്തു,

## നടുവണ്ണൂർ- കോട്ടൂർ

നടുവണ്ണൂർ പഞ്ചായത്തിൽ 92.5 KM നീളമുള്ള വിതരണ ശൃംഖലയിൽ 77.28 KM പൈപ്പ് സ്ഥാപിച്ചു വെന്നും 4308 കുടിവെള്ള കണക്ഷനുകളിൽ 2800 HTC കൺക്ഷനുകൾ കൊടുത്തിട്ടുള്ളതായി കോൺട്രാക്ടർ അറിയിച്ചു. നടുവണ്ണൂർ - കൂട്ടാലിട ,നടുവണ്ണൂർ മുത്താമ്പി DLP 1 ഒരു വർഷം കഴിഞ്ഞതായും, നടുവണ്ണൂർ -ഇരിങ്ങത്ത് PWD റോഡിനു അനുമതി ലഭിച്ചതായും ഓഗസ്റ്റ് 15 മുതൽ നടുവണ്ണൂർ മുത്താമ്പി ,നടുവണ്ണൂർ -ഇരിങ്ങത്ത് എന്നീ റോഡുകളിൽ പൈപ്പ് സ്ഥാപിച്ച് സെപ്റ്റംബർ 15 നകം ചാർജ് ചെയ്യുവാൻ നിർദ്ദേശിച്ചു . പ്രവൃത്തികാവശ്യമായ ടീമുകളുടെ എണ്ണം കുറവാണെന്നും പൈപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ വണ്ടികളുടെ എണ്ണം കുറവാണെന്നും AEE അറിയിച്ചു. ജൂലായ് 30 നകം ടീമുകളുടെയും വണ്ടികളുടെയും എണ്ണവും വർധിപ്പിക്കണമെന്നു നിർദ്ദേശിച്ചു. സെപ്റ്റംബർ 15 നകം ബാക്കി ഉള്ള 15km കൂടി സ്ഥാപിക്കണമെന്നും ഗാപ് ക്ലോസിങ് പ്രവൃത്തികൾക്ക് പ്രാധാന്യം നൽകി പൂർത്തീകരിക്കുവാനും നിർദ്ദേശിച്ചു. കോട്ടൂർ പഞ്ചായത്തിൽ 88 KM നീളമുള്ള വിതരണ ശൃംഖലയിൽ 83 KM പൈപ്പ് സ്ഥാപിച്ചു വെന്നും 7579 കുടിവെള്ള കണക്ഷനുകളിൽ 1800 HTC കൺക്ഷനുകൾ കൊടുത്തിട്ടുള്ളതായി കോൺട്രാക്ടർ

ബാലുശ്ശേരി - കൂരാച്ചുണ്ട് റോഡ് 1.5km അനുമതി ലഭിച്ചതായും ബാക്കി DLP ആണെന്നും അറിയിച്ചു.അനുമതി ലഭിച്ചില്ലെങ്കിൽ HDD രീതിയിൽ പ്രവൃത്തി ചെയ്യുവാനും, പടിയംകണ്ടി - തിരുവോട് റോഡ് 315mm HDPE പൈപ്പ് ലഭ്യമല്ലാത്തതിനാൽ 280 mm പൈപ്പ് ഉപയോഗിച്ച് പ്രവൃത്തി ചെയ്യുവാൻ നിർദ്ദേശിച്ചു. ഒരു വർഷം കഴിഞ്ഞതായും PWD പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന നടുവണ്ണൂർ - കുറ്റിയാടി (പുതിയ പുറം- തെരുവത്ത് കടവ് ) ജൂലായ് 28നകം പൂർത്തീകരിക്കണമെന്നു അറിയിച്ചു . കുടിവെള്ള കണക്ഷൻ കൊടുക്കുന്ന പ്രവൃത്തിയുടെ വേഗത കൂട്ടണമെന്നും ഒക്ടോബര് 26 നകം പ്രവൃത്തി പൂർത്തികരിക്കണമെന്നും അറിയിച്ചു

പകർപ്പ്

1. സൂപ്രണ്ടിങ് എഞ്ചിനീയർ , പി എച്ച് സർക്കിൾ, മലാപ്പറമ്പ
2. അസിസ്റ്റന്റ് എസ്സിക്യൂട്ടീവ് എഞ്ചിനീയർ
   പ്രൊജക്റ്റ് സബ് ഡിവിഷൻ ,